"ഭരണഭാഷ - മാതൃഭാഷ"

നം. 11541/എച്ച് & റ്റി 1/17/സിആർഡി

ഗ്രാമവികസന കമ്മീഷണറേറ്റ്
സ്വരാജ് ഭവൻ, നന്തൻകോട്,
കവടിയാർ പി.ഒ., തിരുവനന്തപുരം
തീയതി: 16.08.2019

# ക്വട്ടേഷൻ നോട്ടീസ്

വിഷയം :- ഗ്രാമവികസന കമ്മീഷണറേറ്റ്-പ്രധാൻമന്ത്രി ആവാസ് യോജന(ഗ്രാമീൺ)-സ്റ്റേറ്റ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് കരാർ അടിസ്ഥാനത്തിൽ കാർ ലഭ്യമാക്കുന്നതിനുള്ള ക്വട്ടേഷൻ ക്ഷണിക്കുന്നു.

*********************

ഗ്രാമവികസന കമ്മീഷണറേറ്റിൽ പ്രവർത്തിക്കുന്ന പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) പദ്ധതിയുടെ ഭാഗമായി സ്റ്റേറ്റ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (എസ്.പി.എം.യു)ലേക്ക് കരാർ അടിസ്ഥാനത്തിൽ 5 സീറ്റർ വാഹനം (പ്രീമിയം കാറ്റഗറിയിൽപ്പെടാത്ത സെഡാൻ) ഡ്രൈവർ ഉൾപ്പെടെ നൽകുവാൻ താത്പര്യമുള്ള ടാക്സി ഓപ്പറേറ്റർമാരിൽ നിന്ന് വ്യവസ്ഥകൾക്ക് വിധേയമായി മത്സരാധിഷ്ഠിത ക്വട്ടേഷൻ ക്ഷണിക്കുന്നു. വാഹനത്തിന്റെ ഇന്ധന ചെലവും ഡ്രൈവറുടെ വേതനവും അറ്റകുറ്റപണികൾക്കാവശ്യമായ തുകയും ഉൾപ്പെടെയുള്ള തുകയാണ് ക്വട്ടേഷനിൽ കാണിക്കേണ്ടത്. ക്വട്ടേഷനുകൾ ഇതോടൊപ്പം ചേർത്തിട്ടുള്ള പ്രൊഫോർമയിൽ ഏറ്റവും കുറഞ്ഞ നിരക്കിലാണ് ക്വാട്ട് ചെയ്യേണ്ടത്. കരാർ വ്യവസ്ഥകളും നിബന്ധനകളും ചുവടെ കൊടുക്കുന്നു.

## വ്യവസ്ഥകൾ ചുരുക്കത്തിൽ

1) ക്വട്ടേഷൻ റേറ്റ് മാസ വാടക നിരക്കിലാണ് കാണിക്കേണ്ടത്.
2) വാഹനം 2018-നോ അതിന് ശേഷമോ ഉള്ള മോഡലും നല്ല രീതിയിൽ പ്രവർത്തിക്കുന്നതും, അനുബന്ധ രേഖകളും, ഇൻഷ്വറൻസ് കവറേജ് ഉള്ളതും, എ.സി. ഉള്ളതും ആയിരിക്കണം.
3) മുൻപരിചയവും മതിയായ യോഗ്യതയും ലൈസൻസും ഉള്ളതുമായ ഡ്രൈവർ ഉണ്ടായിരിക്കണം
4) മാസ ഉപയോഗം 1500 കിലോ മീറ്റർ ആയിരിക്കുന്നതാണ്.
5) ഏതെങ്കിലും ഒരു മാസം വാഹനം അധികം/കുറച്ച് ദൂരം ഉപയോഗിക്കുകയാണെങ്കിൽ അധികം/കുറച്ച് സഞ്ചരിച്ച ദൂരം (കി.മീ.) തൊട്ടടുത്ത മാസത്തിൽ കണക്കാക്കി മൂന്ന് മാസത്തെ ക്വാർട്ടറിൽ ക്രമീകരിക്കുന്നതാണ്.
6) മൂന്ന് മാസത്തെ ക്വാർട്ടറിൽ അധികരിക്കുന്ന യാത്രയ്ക്ക് കിലോ മീറ്ററിന് നിയമാനുസൃതമായ നിരക്കിൽ വാഹന വാടക അനുവദിക്കുന്നതാണ്.
7) കരാർ കാലാവധി 11 മാസങ്ങളായിരിക്കും. സേവനത്തിനനുസരിച്ച് കരാർ ദീർഘിപ്പിച്ചു നൽകുന്നതാണ്. കരാർ കാലാവധിക്കിടയിൽ ക്വാട്ട് ചെയ്ത കരാർ തുകയിൽ യാതൊരു കാരണവശാലും മാറ്റം വരുത്തുന്നതല്ല.
8) ഔദ്യോഗിക യാത്രകളിലെ ടോൾ/പാർക്കിംഗ് ഫീസ് തുടങ്ങിയവ അധികമായി നൽകുന്നതാണ്.

(മറുപുറം)

9) വാഹനവും ഡ്രൈവറും മാസത്തിൽ എല്ലാ ദിവസവും, ഏത് സമയത്തും ആവശ്യപ്പെടുന്ന പക്ഷം ലഭ്യമാക്കേണ്ടതാണ്.

10) ലോഗ് ബുക്ക് ദിനംപ്രതി എഴുതി സൂക്ഷിക്കേണ്ടതും, ഓരോ എൻട്രിയും നിർദ്ദിഷ്ട ഓഫീസറുടെ ഒപ്പ് വാങ്ങിക്കേണ്ടതുമാണ്.

11) ലോഗ് ബുക്കോടു കൂടി മാസ വാടക ബില്ല് സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും കരാർ തുക നല്കുക.

12) ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്ന ഡ്യൂട്ടിയിൽ പ്രവേശിക്കുമ്പോഴുള്ള കിലോ മീറ്ററും/സമയവും, ഡ്യൂട്ടിയിൽ നിന്നും വിടുതൽ ചെയ്യുമ്പോഴുള്ള കിലോ മീറ്ററും/സമയത്തിന്റെയും അടിസ്ഥാനത്തിലാണ് ആകെ സഞ്ചരിച്ച ദൂരം/ഉപയോഗിച്ച സമയം കണക്കാക്കുക.

13) വാഹനത്തിന്റെ ആർ.സി. ബുക്ക്, ഇൻഷ്വറൻസ്, ടാക്സ് ടോക്കൺ, പൊല്യൂഷൻ സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പുകൾ ഡ്രൈവറുടെ ലൈസൻസ് പകർപ്പ് സഹിതം ക്വട്ടേഷനൊപ്പം സമർപ്പിക്കേണ്ടതാണ്.

14) ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്നയാൾ പി.എം.എ.വൈ (ജി) എസ്.പി.എം.യു.വുമായി കരാർ വയ്ക്കേണ്ടതാണ്.

15) ക്വട്ടേഷൻ സമർപ്പിക്കുന്നയാൾ 10,000/-- രൂപ (പതിനായിരം രൂപ മാത്രം)യുടെ നിരതദ്രവ്യം (ഇ.എം.ഡി.), ഡിമാന്റ് ഡ്രാഫ്റ്റ്/റിസ്ക് ഡെപ്പോസിറ്റായി ഗ്രാമവികസന കമ്മീഷണറുടെ പേരിൽ ക്വട്ടേഷനൊപ്പം സമർപ്പിക്കേണ്ടതും, ക്വട്ടേഷനുകൾ മുദ്രവെച്ച കവറിൽ പ്രത്യേക പ്രൊഫോർമയിൽ തയ്യാറാക്കേണ്ടതും, മേൽവിലാസവും ഫോൺ നമ്പരും സഹിതം ഒപ്പിട്ട് സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷനുകൾ 2019 സെപ്റ്റംബർ 4-ാം തീയതി പകൽ 3 മണി വരെ സ്വീകരിക്കുന്നതും ( പ്രസ്തുത സമയം കഴിഞ്ഞ് ലഭിക്കുന്ന ഒരു ക്വട്ടേഷനും പരിഗണിക്കുന്നതല്ല) അന്നേ ദിവസം പകൽ 4 മണിക്ക് സന്നിഹിതരായ ലേലക്കാരുടെ മുമ്പിൽ വെച്ച് തുറക്കുന്നതുമാണ്. അന്നേദിവസം അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ക്വട്ടേഷൻ തുറക്കുന്നതാണ്.

16) വാഹനത്തിന് നിലവിൽ പോലീസ്/എക്സൈസ്/കസ്റ്റംസ് സംബന്ധിച്ച കേസുകൾ ഒന്നും നിലവിലില്ല എന്നത് സ്വയം സാക്ഷ്യപ്പെടുത്തിയ 100/- രൂപ മുദ്രപത്രത്തിൽ ഹാജരാക്കേണ്ടതാണ്. ക്വട്ടേഷൻ സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ പ്രവൃത്തി സമയത്ത് ഓഫീസിൽ നിന്നും അറിയാവുന്നതാണ്.

(ഒപ്പ്)

ഗ്രാമവികസന കമ്മീഷണർ

ഉള്ളടക്കം;- പ്രൊഫോർമ

പകർപ്പ്:-(നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിനായി)

1. പ്രോജക്റ്റ് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം, തിരുവനന്തപുരം.
2. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), തിരുവനന്തപുരം.
3. തിരുവനന്തപുരം ജില്ലയിലെ എല്ലാ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർമാർക്കും.
4. ഗ്രാമവികസന കമ്മീഷണറേറ്റിലെ നോട്ടീസ് ബോർഡ്.
5. സിസ്റ്റം സൂപ്പർവൈസർ, ഗ്രാമവികസന കമ്മീഷണറേറ്റ്.
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഉത്തരവിൻപ്രകാരം

ജൂനിയർ സൂപ്രണ്ട്

# പ്രൊഫോർമ

## പി.എം.എ.വൈ -എസ്.പി.എം.യു യൂണിറ്റിന് കരാർ അടിസ്ഥാനത്തിൽ വാഹനം ക്വട്ടേഷൻ

| വാഹനത്തിന്റെ ബ്രാൻഡ്/മോഡൽ | മാസ കരാർ വേതനം (1500 കി.മീ വരെ.) രൂപയിൽ | 1500 കിലോ മീറ്ററിന് മുകളിൽ ഓരോ കിലോമീറ്ററിന്റെയും വാടക രൂപയിൽ |
| --- | --- | --- |
| | | |

തിയതി; 16.08.2019

സ്ഥലം; തിരുവനന്തപുരം

ഒപ്പ്

പേര്